വെള്ളിയാഴ്ച ദിവസം ഇമാം ഖുത്വ്ബ പറഞ്ഞു കൊണ്ടിരിക്കെ നിന്റെ സഹോദരനോട് 'മിണ്ടാതിരിക്കൂ ' എന്ന് പറഞ്ഞാൽ നീ അനാവശ്യം പ്രവർത്തിച്ചിരിക്കുന്നു

അബൂഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറയുന്നു: "വെള്ളിയാഴ്ച ദിവസം ഇമാം ഖുത്വ്ബ പറഞ്ഞു കൊണ്ടിരിക്കെ നിന്റെ സഹോദരനോട് 'മിണ്ടാതിരിക്കൂ' എന്ന് പറഞ്ഞാൽ നീ അനാവശ്യം പ്രവർത്തിച്ചിരിക്കുന്നു."
[صحيح] [متفق عليه]

വെള്ളിയാഴ്ച ദിവസം ഖുത്വ്ബക്ക് സന്നിഹിതനായാൽ ഖതീബിന്റെ സംസാരം നിശബ്ദമായി ശ്രദ്ധിച്ചു കേൾക്കുക എന്നത് നിർബന്ധ ബാധ്യതയാണെന്ന് നബി -ﷺ- ഈ ഹദീഥിലൂടെ വിവരിക്കുന്നു. എന്നാൽ മാത്രമേ കേൾക്കുന്ന ഉപദേശത്തെ കുറിച്ച് ചിന്തിക്കാൻ കഴിയുകയുള്ളൂ. ഇമാം ഖുത്വ്ബ നിർവ്വഹിച്ചു കൊണ്ടിരിക്കെ ആരെങ്കിലും -വളരെ ചെറിയ ഒരു സംസാരമാണെങ്കിൽ പോലും-, അടുത്തുള്ള വ്യക്തിയോട് 'മിണ്ടാതിരിക്കൂ' എന്നോ, 'ശ്രദ്ധിച്ചു കേൾക്കൂ ' എന്നോ പറഞ്ഞാൽ പോലും അവന്റെ വെള്ളിയാഴ്ച ദിവസത്തെ ശ്രേഷ്ഠത അവന് നഷ്ടമാകും.

http://www.sunnah.global/hadeeth/ml/show/3107